✎ ടി.കെ ഉബൈദ്



# സൂറ – 36 / യാസീന്‍

## സൂക്തം: 16 – 27

ഈ ദൈവദൂതന്മാരെ അംഗീകരിച്ച് പിന്തുടരുകയാണ് നിങ്ങള്‍ ചെയ്യേണ്ടത്, കല്ലെറിഞ്ഞു പീഡിപ്പിക്കുകയല്ല. ഇവര്‍ സത്യപ്രവാചകന്മാര്‍ തന്നെയാകുന്നു. അവരുടെ പ്രവര്‍ത്തനത്തിന് നിങ്ങളോട് ഒരുതരത്തിലുള്ള പ്രതിഫലവും ആവശ്യപ്പെടുന്നില്ല എന്നതുതന്നെ അവര്‍ സത്യവാന്മാരാണെന്നതിനു തെളിവാകുന്നു. കള്ളന്മാരാണെങ്കില്‍ ഈവിധം യാതൊരു പ്രതിഫലേഛയുമില്ലാതെ നിസ്വാര്‍ഥമായി പ്രവര്‍ത്തിക്കുകയില്ല.

قَالُوا۟ رَبُّنَا يَعْلَمُ إِنَّآ إِلَيْكُمْ لَمُرْسَلُونَ ﴿١٦﴾

16. ആ ദൂതന്മാര്‍ ഉറപ്പിച്ചുപറഞ്ഞു: ഞങ്ങളുടെ നാഥന്‍ സാക്ഷി, തീര്‍ച്ചയായും ഞങ്ങള്‍ നിങ്ങളിലേക്ക് നിയുക്തരായ ദൈവദൂതന്മാര്‍ തന്നെയാകുന്നു.

وَمَا عَلَيْنَآ إِلَّا ٱلْبَلَٰغُ ٱلْمُبِينُ ﴿١٧﴾

17. ദൈവിക സന്ദേശം വ്യക്തമായി നിങ്ങള്‍ക്ക് എത്തിച്ചുതരിക മാത്രമാകുന്നു ഞങ്ങളുടെ ചുമതല.

### 16,17

قَالُوا = അവര്‍ (ആ ദൈവദൂതന്മാര്‍ ഉറപ്പിച്ചു) പറഞ്ഞു
رَبُّنَا يَعْلَمُ = ഞങ്ങളുടെ നാഥന്‍ (സാക്ഷി) അറിയുന്നു
إِنَّا إِلَيْكُمْ لَمُرْسَلُونَ = തീര്‍ച്ചയായും ഞങ്ങള്‍ നിങ്ങളിലേക്കു നിയുക്തരായ (ദൈവ)ദൂതന്മാര്‍ തന്നെയാകുന്നു
وَمَا عَلَيْنَا = ഞങ്ങളുടെ (ചുമതല) മേല്‍ ഇല്ല
إِلَّا الْبَلَاغُ الْمُبِينُ = വ്യക്തമായ എത്തിക്കല്‍ അല്ലാതെ (ദൈവിക സന്ദേശം വ്യക്തമായി നിങ്ങള്‍ക്ക് എത്തിച്ചുതരിക മാത്രമാകുന്നു)

رَبُّنَا يَعْلَمُ -ന്റെ ഭാഷാര്‍ഥം 'ഞങ്ങളുടെ നാഥന്‍ അറിയുന്നു' എന്നാണെങ്കിലും ഇവിടെ ആശയം നാഥന്‍ സാക്ഷിയാകുന്നു എന്നാണ്. ഞങ്ങള്‍ നിങ്ങളിലേക്ക് നിയുക്തരായ ദൈവദൂതന്മാര്‍ തന്നെയാണെന്നതിന് അല്ലാഹുവിനെ പിടിച്ച് ആണയിട്ട് ഊന്നിപ്പറയുകയാണവര്‍. .....وَمَا عَلَيْنَا എന്ന വാക്യത്തിലൂടെ ഉണര്‍ത്തുന്നതിതാണ്: നിങ്ങള്‍ ഞങ്ങളെ തള്ളിക്കളയുന്നുവെങ്കില്‍ തള്ളിക്കളഞ്ഞുകൊള്ളുക. അല്ലാഹു ഞങ്ങളില്‍ ചുമത്തിയിട്ടുള്ള ഉത്തരവാദിത്തം അവന്റെ സന്ദേശം സ്പഷ്ടമായും വ്യക്തമായും നിങ്ങളെ അറിയിക്കുക എന്നതു മാത്രമാണ്. നിങ്ങളെ കൊണ്ട് ബലാല്‍ക്കാരം അത് വിശ്വസിപ്പിക്കാന്‍ ഞങ്ങളെ ചുമതലപ്പെടുത്തിയിട്ടില്ല. വിശ്വസിച്ചാല്‍ അതിന്റെ ഗുണവും നിഷേധിച്ചാല്‍ അതിന്റെ ദോഷവും നിങ്ങള്‍ക്കുതന്നെ. സന്ദേശം എത്തിച്ചുതരുന്നതോടെ ഞങ്ങളുടെ ചുമതല തീര്‍ന്നു. ●

قَالُوٓاْ إِنَّا تَطَيَّرۡنَا بِكُمۡۖ لَئِن لَّمۡ تَنتَهُواْ لَنَرۡجُمَنَّكُمۡ وَلَيَمَسَّنَّكُم مِّنَّا عَذَابٌ أَلِيمٞ ١٨

18. നാട്ടുകാർ പറഞ്ഞു: ഈ നാട്ടിന് അപശകുനമായിട്ടത്രെ ഞങ്ങൾ നിങ്ങളെ കാണുന്നത്. നിങ്ങൾ വിരമിക്കുന്നില്ലെങ്കിൽ ഞങ്ങൾ നിങ്ങളെ കല്ലെറിയും. നിങ്ങൾ ഞങ്ങളിൽ നിന്ന് വേദനയേറിയ ശിക്ഷയേൽക്കുകതന്നെ ചെയ്യും.

**18**

قَالُوا = അവർ (നാട്ടുകാർ) പറഞ്ഞു

إِنَّا تَطَيَّرْنَا بِكُمْ = ഞങ്ങൾ നിങ്ങളെക്കൊണ്ട് അപശകുനം കാണുന്നു (ഈ നാട്ടിന് അപശകുനമായിട്ടത്രെ ഞങ്ങൾ നിങ്ങളെ കാണുന്നത്)

لَئِن لَّمْ تَنتَهُوا = നിങ്ങൾ വിരമിക്കുന്നില്ലെങ്കിൽ لَنَرْجُمَنَّكُمْ = തീർച്ചയായും ഞങ്ങൾ നിങ്ങളെ കല്ലെറിയും

وَلَيَمَسَّنَّكُم مِّنَّا = ഞങ്ങളിൽനിന്ന് നിങ്ങളെ സ്പർശിക്കും (ഏൽക്കുക തന്നെ ചെയ്യും)

عَذَابٌ أَلِيمٌ = വേദനയേറിയ ശിക്ഷ

പ്രവാചകന്മാരുടെ ഈ ഉദ്ബോധനത്തിന് നാട്ടുകാർ നൽകിയ മറുപടിയാണിത്. ഭാഷാർഥത്തിൽ طَير -ഉം طَائر -ഉം പക്ഷിയാണ്. അതിൽനിന്ന് ഉത്ഭവിച്ചതാണ് تطيّر എന്ന പദം. പക്ഷികൾ പറക്കുന്നതു നോക്കി ഭാഗ്യനിർഭാഗ്യങ്ങൾ നിർണയിക്കുന്ന ഒരനാചാരം അറബികൾക്കിടയിലുണ്ടായിരുന്നു. ഒരു കാര്യത്തിന് പുറപ്പെട്ടയാളുടെ മുന്നിലൂടെ പക്ഷി വലത്തോട്ടു പറക്കുന്നത് കണ്ടാൽ യാത്ര സഫലമാകുമെന്നും ഇടത്തോട്ടു പറന്നാൽ ഇല്ലെന്നും കണക്കാക്കും. ചിലർ ഉദ്ദിഷ്ട കാര്യം സാധിക്കുമോ  ഇല്ലേ എന്നറിയാൻ പക്ഷിയെ പറത്തിവിട്ട് അത് പറക്കുന്നത് ഇടത്തോട്ടാണോ വലത്തോട്ടാണോ എന്നു നോക്കും. പിന്നീട് നറുക്കെടുപ്പിനും നറുക്കു വീഴുന്നതിനും طَير എന്ന് ഉപയോഗിച്ചു തുടങ്ങി. طَائر-ന് ഭാഗ്യനിർഭാഗ്യം, ഭാഗധേയം എന്ന അർഥവും വന്നു. ലക്ഷണം നോക്കലും ദുർലക്ഷണം കാണലുമാണ് تطيّر. പക്ഷിയുടെ ഗതി നോക്കി ഭാഗ്യനിർഭാഗ്യങ്ങൾ ഗണിക്കുന്നതിന് طيرة എന്നു പറയും. ആധുനിക അറബിയിൽ طيّارة വിമാനവും طيران വ്യോമസഞ്ചാരവുമാകുന്നു. പക്ഷിശാസ്ത്രം എന്നൊന്നില്ല. لا طيرة എന്ന് നബി പ്രസ്താവിച്ചതായി ഇമാം മുസ്‌ലിം ഉദ്ധരിച്ചിരിക്കുന്നു. പക്ഷിലക്ഷണം നോക്കുന്നത് ശിർക്കാകുന്നു എന്ന് നബി (സ) മൂന്നു വട്ടം ആവർത്തിച്ചു പറഞ്ഞതായി അബൂദാവൂദ് ഉദ്ധരിച്ച ഒരു നിവേദനത്തിൽ കാണാം. അറബികളിലുണ്ടായിരുന്ന പക്ഷിനോട്ടത്തിനു തുല്യമായി നമ്മുടെ നാട്ടിലുള്ള ശകുനം നോട്ടം, മഷിനോട്ടം, ഗൗളിശാസ്ത്രം തുടങ്ങിയവയും ശിർക്കുപരമായ അനാചാരങ്ങളാകുന്നു. അടയാളങ്ങൾ കൊണ്ട് സുഖദുഃഖങ്ങളും ഭാഗ്യനിർഭാഗ്യങ്ങളും ഗണിക്കുന്നതിന് മലയാളത്തിൽ ഉപയോഗിക്കുന്ന 'ശകുനം' എന്ന പദത്തിന് പക്ഷി, കഴുകൻ എന്നീ അർഥങ്ങളുമുണ്ട്.

വചനസാരമിതാണ്: 'ഓ, നിങ്ങൾ പറയുന്നതു കേട്ടാൽ വലിയ പുണ്യാളന്മാരും ഞങ്ങളുടെ ഗുണകാംക്ഷികളുമാണെന്നു തോന്നും. എന്നാൽ കേട്ടോളൂ, ഞങ്ങൾ നിങ്ങളെ കാണുന്നത് നാടിനും നാട്ടാർക്കും അവലക്ഷണവും ദുർനിമിത്തവുമായിട്ടാണ്. നിങ്ങളുടെ സാന്നിധ്യം ഈ നാട്ടിൽ ആപത്തുകളും ദുരിതങ്ങളും ഉണ്ടാക്കുമെന്ന് ഞങ്ങൾ ഭയപ്പെടുന്നു. അതുകൊണ്ട് ഉടനെ ഈ പരിപാടി അവസാനിപ്പിച്ച് നാടുവിട്ടുകൊള്ളണം. ഇല്ലെങ്കിൽ ഞങ്ങൾ നിങ്ങളെ കല്ലെറിഞ്ഞോടിക്കും. തീർച്ചയായും നിങ്ങൾക്ക് കൊടിയ പീഡനം നേരിടേണ്ടിവരും.' ആ നാട്ടുകാർ മിക്കവാറും വിഗ്രഹാരാധകരായിരിക്കണം. ബഹുദൈവത്വം നിഷേധിച്ച് ഏകദൈവത്വം പ്രചരിപ്പിക്കുന്നവരുടെ സാന്നിധ്യം തങ്ങളുടെ ദേവന്മാരെ കോപിഷ്ടരാക്കുമെന്നും അതുമൂലം നാട്ടിൽ ദുരിതങ്ങളുണ്ടാകുമെന്നുമാകാം അവർ പറയുന്നത്. മനുഷ്യരെ കല്ലെറിയുന്നതിനും എറിഞ്ഞുകൊല്ലുന്നതിനും رَجْم എന്നു പറയും. وَلَيَمَسَّنَّكُم അതിൽനിന്നുള്ള ക്രിയയാണ് رَجَمَ-يَرْجُمُ. തുടർന്ന് എന്നു പറയുന്നത് ആ കല്ലേറ് അതികഠിനമായിരിക്കും എന്ന അർഥത്തിലാവാം. കല്ലേറിനു പുറമെ വേറെയും കൊടിയ പീഡനം നിങ്ങൾക്ക് ഞങ്ങളിൽനിന്ന് ഏൽക്കേണ്ടിവരും എന്ന അർഥത്തിലുമാകാം. ●

قَالُواْ طَٰٓئِرُكُم مَّعَكُمۡۚ أَئِن ذُكِّرۡتُمۚ بَلۡ أَنتُمۡ قَوۡمٞ مُّسۡرِفُونَ ١٩

19. പ്രവാചകന്മാർ പ്രസ്താവിച്ചു: നിങ്ങളുടെ ഭാഗ്യനിർഭാഗ്യ നിമിത്തം നിങ്ങളോടൊപ്പം തന്നെയാകുന്നു. നിങ്ങൾ ഉദ്ബോധനം ചെയ്യപ്പെട്ടതിനാണോ ഞങ്ങളെ ശിക്ഷിക്കുന്നത്?! എന്നാൽ നിങ്ങൾ അതിരുവിട്ട ജനമാകുന്നു എന്നതത്രെ വാസ്തവം.

**19**

قَالُوا = അവർ (പ്രവാചകന്മാർ) പ്രസ്താവിച്ചു

طَائِرُكُم = നിങ്ങളുടെ ഭാഗധേയം (ഭാഗ്യനിർഭാഗ്യ നിമിത്തം) مَّعَكُمْ = നിങ്ങളോടൊപ്പം (തന്നെ) ആകുന്നു

أَئِن ذُكِّرْتُم = നിങ്ങൾ ഉദ്ബോധനം ചെയ്യപ്പെട്ടെങ്കിലോ (ചെയ്യപ്പെട്ടതിനാണോ ഞങ്ങളെ ശിക്ഷിക്കുന്നത്?)

بَلْ = പക്ഷേ (എന്നാൽ) أَنتُمْ قَوْمٌ مُّسْرِفُونَ = നിങ്ങളൊരു അതിരുവിട്ട ജനമാകുന്നു (എന്നതത്രെ വാസ്തവം)

പ്രവാചകന്മാര്‍ അവരോട് പറഞ്ഞു: നിങ്ങളുടെ ഈ ശകുനദര്‍ശനം നിരര്‍ഥകമാണ്. നിങ്ങളുടെ ഭാഗ്യത്തിനും നിര്‍ഭാഗ്യത്തിനും നിമിത്തം ഞങ്ങളല്ല. നിങ്ങളുടെ ഭാഗധേയം നിങ്ങളുടെ കൂടെ തന്നെയാണ്. നിങ്ങളുടെ ചിന്തയില്‍നിന്നും പ്രവൃത്തിയില്‍നിന്നുമാണ് അതുണ്ടാകുന്നത്. ഖുര്‍ആന്‍ 17:13-ല്‍ ഈ ആശയം ഇങ്ങനെ അവതരിപ്പിച്ചിരിക്കുന്നു: وَكُلَّ إِنسَانٍ أَلْزَمْنَاهُ طَائِرَهُ فِي عُنُقِهِ (ഓരോ മനുഷ്യന്റെയും ഭാഗധേയം നാം അവന്റെ കഴുത്തില്‍ തന്നെ ബന്ധിച്ചിരിക്കുന്നു). മൂലത്തിലെ أَئِن ذُكِّرْتُم എന്ന വാക്യത്തില്‍ أ എന്ന ചോദ്യസ്വരത്തിന്റെയും اِن എന്ന ഘടകപദത്തിന്റെയും ഇടയില്‍ രണ്ട് വാക്കുകള്‍ അനുക്തമായിട്ടുണ്ട്. أتعذبوننا بسبب التذكير ان ذكرتم (നിങ്ങള്‍ ഉദ്ബോധിപ്പിക്കപ്പെട്ടുവെങ്കില്‍ ഉദ്ബോധനത്തിന്റെ പേരില്‍ ഞങ്ങളെ ശിക്ഷിക്കുമെന്നോ) അല്ലെങ്കില്‍ أتتشائمون بالتذكير ان ذكرتم (നിങ്ങള്‍ ഉദ്ബോധിപ്പിക്കപ്പെട്ടാല്‍ ഉദ്ബോധനത്തെ ദുര്‍ലക്ഷണമായി കാണുകയോ) എന്നാണ് പൂര്‍ണ രൂപം.

നിങ്ങളുടെ ഈ നിലപാട് അതിരുകവിഞ്ഞ ദൗഷ്ട്യവും ധിക്കാരവുമാണ്. ധര്‍മത്തിന്റെയും നീതിയുടെയും എല്ലാ അതിരുകളും ഭേദിച്ചുകൊണ്ട് നാശത്തെ സ്വയം വിളിച്ചുവരുത്തുകയാണ് നിങ്ങള്‍. ആ നാശത്തെക്കുറിച്ച് മുന്നറിയിപ്പ് നല്‍കുകയും ധര്‍മത്തിലേക്കും നീതിയിലേക്കും വീണ്ടെടുക്കാന്‍ ശ്രമിക്കുകയും ചെയ്യുന്ന ദൈവദാസരോട് നന്ദി പറയുകയും അവരെ അനുസരിക്കുകയും ചെയ്യുന്നതിനു പകരം അവരെ ആപത്തിന്റെ നിമിത്തമായി കാണുകയാണല്ലോ നിങ്ങള്‍. ഇതാണ് بَلْ أَنتُمْ قَوْمٌ مُّسْرِفُونَ -ന്റെ താല്‍പര്യം. ●

وَجَآءَ مِنْ أَقْصَا ٱلْمَدِينَةِ رَجُلٌ يَسْعَىٰ قَالَ يَٰقَوْمِ ٱتَّبِعُوا۟ ٱلْمُرْسَلِينَ ﴿٢٠﴾

ٱتَّبِعُوا۟ مَن لَّا يَسْـَٔلُكُمْ أَجْرًا وَهُم مُّهْتَدُونَ ﴿٢١﴾

20. നഗരപ്രാന്തത്തില്‍നിന്ന് ഒരാള്‍ ഓടിയെത്തി. അദ്ദേഹം ആഹ്വാനം ചെയ്തു: എന്റെ ജനമേ, ദൈവദൂതന്മാരെ പിന്തുടരുവിന്‍.

21. നിങ്ങളോട് പ്രതിഫലം ചോദിക്കാത്തവരെ പിന്‍പറ്റുവിന്‍. അവര്‍ സന്മാര്‍ഗചാരികളുമാണല്ലോ.

**20,21**

وَجَاءَ مِنْ أَقْصَى الْمَدِينَةِ رَجُلٌ يَسْعَىٰ = നഗരത്തിന്റെ അറ്റത്തുനിന്ന് (നഗരപ്രാന്തത്തില്‍നിന്ന്) ഒരാള്‍ ഓടിയെത്തി

قَالَ = അദ്ദേഹം പറഞ്ഞു (ആഹ്വാനം ചെയ്തു) يَا قَوْمِ = എന്റെ ജനമേ

اتَّبِعُوا الْمُرْسَلِينَ = നിങ്ങള്‍ ദൈവദൂതന്മാരെ പിന്തുടരുവിന്‍ اتَّبِعُوا = നിങ്ങള്‍ പിന്‍പറ്റുവിന്‍

مَن لَّا يَسْأَلُكُمْ أَجْرًا = നിങ്ങളോട് പ്രതിഫലം ചോദിക്കാത്തവരെ

وَهُم مُّهْتَدُونَ = അവര്‍ സന്മാര്‍ഗം പ്രാപിച്ചവര്‍ (സന്മാര്‍ഗചാരികളും) ആകുന്നു

നാട്ടുകാര്‍ പൊതുവില്‍ പ്രവാചകന്മാര്‍ക്ക് എതിരാണെങ്കിലും ഒറ്റപ്പെട്ട ചിലര്‍ അവരില്‍ വിശ്വസിച്ചിരുന്നു. നാട്ടുകാരെ ഭയന്ന് അവര്‍ പരസ്യമായി രംഗത്തു വന്നിരുന്നില്ല. ജനം പ്രവാചകന്മാരെ ശിക്ഷിക്കാന്‍ ഒരുമ്പെടുന്നുവെന്ന് കണ്ടപ്പോള്‍ നഗരത്തിന്റെ പ്രാന്തപ്രദേശത്ത് താമസിച്ചിരുന്ന ഒരു വിശ്വാസി ധൈര്യമവലംബിച്ച് അതിനെതിരെ മുന്നോട്ടുവന്നു. ഇദ്ദേഹത്തിന്റെ പേര് ഖുര്‍ആന്‍ പ്രസ്താവിക്കുന്നില്ല. നഗരം അന്താഖിയാ ആണെന്ന് അഭിപ്രായപ്പെട്ടവര്‍ ഇയാളുടെ പേര് ഹബീബുന്നജ്ജാര്‍ എന്നാണെന്ന് പറയുന്നുണ്ട്. أَقْصَى الْمَدِينَةِ നഗരത്തിന്റെ വിദൂര അറ്റമാണ്. നഗരപ്രാന്തമാണ് ഉദ്ദേശ്യം. ഇദ്ദേഹം നാട്ടുകാര്‍ക്ക് മുന്നില്‍ ഒരു പ്രഭാഷണം നടത്തി. അതിന്റെ സാരാംശമാണ് തുടര്‍ന്നു പറയുന്നത്:

എന്റെ നാട്ടുകാരേ, ഈ ദൈവദൂതന്മാരെ അംഗീകരിച്ച് പിന്തുടരുകയാണ് നിങ്ങള്‍ ചെയ്യേണ്ടത്, കല്ലെറിഞ്ഞു പീഡിപ്പിക്കുകയല്ല. ഇവര്‍ സത്യപ്രവാചകന്മാര്‍ തന്നെയാകുന്നു. അവരുടെ പ്രവര്‍ത്തനത്തിന് നിങ്ങളോട് ഒരുതരത്തിലുള്ള പ്രതിഫലവും ആവശ്യപ്പെടുന്നില്ല എന്നതുതന്നെ അവര്‍ സത്യവാന്മാരാണെന്നതിനു തെളിവാകുന്നു. കള്ളന്മാരാണെങ്കില്‍ ഈവിധം യാതൊരു പ്രതിഫലേഛയുമില്ലാതെ നിസ്വാര്‍ഥമായി പ്രവര്‍ത്തിക്കുകയില്ല. നിങ്ങളെ സന്മാര്‍ഗത്തിലേക്ക് നയിക്കുക മാത്രമാണ് അവരുടെ ലക്ഷ്യം. അതുകൊണ്ട് സ്വാര്‍ഥ താല്‍പര്യമില്ലാതെ പ്രബോധനം ചെയ്യുന്നവരെ പിന്തുടരുവിന്‍. അവരുടെ സത്യപ്രബോധനത്തെ എതിര്‍ക്കുന്ന അധികാരികളും നേതാക്കളും തങ്ങളുടെ സ്വാര്‍ഥ താല്‍പര്യങ്ങള്‍ സംരക്ഷിക്കുന്നതിനു വേണ്ടി നിങ്ങളുടെ കണ്ണു കെട്ടാന്‍ ശ്രമിക്കുകയാണ്. ഈ പ്രബോധകന്മാര്‍ സന്മാര്‍ഗം പ്രാപിച്ചവരും സന്മാര്‍ഗത്തില്‍ ചരിക്കുന്നവരുമാകുന്നു എന്നതും അവരുടെ സത്യസന്ധതക്കുള്ള ബലവത്തായ തെളിവാകുന്നു. നിസ്വാര്‍ഥത ഉദ്ദേശ്യശുദ്ധിയെ സാക്ഷ്യപ്പെടുത്തുമെങ്കിലും ഉദ്ദേശ്യശുദ്ധി മാത്രം ഒരാള്‍ സത്യത്തില്‍തന്നെയാണ് നിലകൊള്ളുന്നത് എന്നതിനു തെളിവാകുന്നില്ല. ഉദ്ദേശ്യശുദ്ധിയോടും നിസ്വാര്‍ഥതയോടുമൊപ്പം അവതരിപ്പിക്കുന്ന പ്രമാണങ്ങള്‍ യുക്തിയുടെയും ന്യായത്തിന്റെയും മാനദണ്ഡങ്ങള്‍ക്ക് യോജിക്കുകയും വേണം. ആള്‍ നിഷ്കാമമാര്‍ഗിയും പ്രബോധനം യുക്തിക്കും ന്യായത്തിനും തികച്ചും യോജിക്കുന്നതുമാണെങ്കില്‍ അയാളെ അംഗീകരിക്കാതിരിക്കുന്നത് സത്യനിഷേധവും ധിക്കാരവുമാകുന്നു. ●

وَمَا لِيَ لَآ أَعۡبُدُ ٱلَّذِي فَطَرَنِي وَإِلَيۡهِ تُرۡجَعُونَ ٢٢

22. എന്നെ വിശിഷ്ട ഘടനയിൽ സൃഷ്ടിച്ചവനെ ഞാൻ ആരാധിക്കാതിരിക്കുന്നതിലെന്തു ന്യായം? അവനിലേക്കുതന്നെയാണ് നിങ്ങളെല്ലാവരും തിരിച്ചുചെല്ലേണ്ടത്.

ءَأَتَّخِذُ مِن دُونِهِۦٓ ءَالِهَةً إِن يُرِدۡنِ ٱلرَّحۡمَٰنُ بِضُرّٖ لَّا تُغۡنِ عَنِّي شَفَٰعَتُهُمۡ شَيۡـًٔا وَلَا يُنقِذُونِ ٢٣

23. അവനല്ലാത്തവരെ ഞാൻ ദൈവങ്ങളായി സ്വീകരിക്കണമെന്നോ?! പരമകാരുണികനായ സത്യദൈവം എനിക്കൊരു ദോഷം ഇഛിക്കുന്നുവെങ്കിൽ ഈ ദൈവങ്ങളുടെ ശിപാർശ ഒരു പ്രയോജനവും ചെയ്യില്ല. അവരെന്നെ രക്ഷിക്കുകയുമില്ല.

إِنِّيٓ إِذٗا لَّفِي ضَلَٰلٖ مُّبِينٍ ٢٤

24. എന്നിരിക്കെ അവരെ ദൈവങ്ങളാക്കുന്നുവെങ്കിൽ ഞാൻ തെളിഞ്ഞ ദുർമാർഗത്തിലായതുതന്നെ.

إِنِّيٓ ءَامَنتُ بِرَبِّكُمۡ فَٱسۡمَعُونِ ٢٥

25. നിങ്ങളുടെ യഥാർഥ വിധാതാവിലാകുന്നു ഞാൻ വിശ്വസിച്ചിട്ടുള്ളത്. ആകയാൽ ഞാൻ പറയുന്നത് സ്വീകരിക്കുവിൻ.

**22-25**

وَمَا لِيَ لَا أَعْبُدُ= ഞാൻ ആരാധിക്കാതിക്കുന്നതിന് എനിക്കെന്ത് (ന്യായം)

الَّذِي فَطَرَنِي= എന്നെ (വിശിഷ്ട ഘടനയിൽ) സൃഷ്ടിച്ചവനെ وَإِلَيْهِ= അവനിലേക്കു തന്നെയാകുന്നു

تُرْجَعُونَ= നിങ്ങൾ (എല്ലാവരും) മടക്കപ്പെടും (തിരിച്ചു ചെല്ലേണ്ടത്)

أَأَتَّخِذُ= ഞാൻ എടുക്കുകയോ (സ്വീകരിക്കണമെന്നോ) مِن دُونِهِ= അവനെ കൂടാതെ (അവനല്ലാത്തവരെ)

آلِهَةً= ദൈവങ്ങളായിട്ട് إِن يُرِدْنِ= എനിക്ക് ഇഛിക്കുന്നുവെങ്കിൽ الرَّحْمَٰنُ = പരമകാരുണികൻ (കനായ സത്യദൈവം)

بِضُرٍّ= ഒരു ദോഷം, കഷ്ടം لَّا تُغْنِ عَنِّي= എനിക്കു പ്രയോജനം ചെയ്യുകയില്ല

شَفَاعَتُهُمْ= അവരുടെ (ഈ ദൈവങ്ങളുടെ) ശിപാർശ

شَيْئًا= യാതൊന്നും, ഒരു വസ്തുവും وَلَا يُنقِذُونِ= അവർ എന്നെ രക്ഷിക്കുകയുമില്ല

إِنِّي إِذًا= അങ്ങനെയെങ്കിൽ (എന്നിരിക്കെ) ഞാൻ (അവരെ ദൈവങ്ങളാക്കുന്നുവെങ്കിൽ)

لَّفِي ضَلَالٍ مُّبِينٍ= തെളിഞ്ഞ ദുർമാർഗത്തിൽ തന്നെ

إِنِّي آمَنتُ= ഞാൻ വിശ്വസിച്ചു(ച്ചിട്ടുള്ളത്) بِرَبِّكُمْ= നിങ്ങളുടെ (യഥാർഥ) വിധാതാവിൽ (ആകുന്നു)

فَاسْمَعُونِ= ആകയാൽ നിങ്ങൾ എന്നെ കേൾക്കുവിൻ (ഞാൻ പറയുന്നത് സ്വീകരിക്കുവിൻ)

ഈ സൂക്തങ്ങളുടെ ശൈലി സൂചിപ്പിക്കുന്നത് നേതാക്കളും നിക്ഷിപ്ത താൽപര്യക്കാരും ഉയർത്തിയ ആക്ഷേപങ്ങൾക്കുള്ള മറുപടിയാണ് ഇതെന്നാണ്. പ്രവാചകനിൽ വിശ്വസിക്കുകയും അവർക്കെതിരെ സമുദായം സ്വീകരിക്കുന്ന നടപടിയെ എതിർക്കുകയും ചെയ്യുന്നതിനെ പൈതൃക മതത്തിനും സംസ്കാരത്തിനും നാടിന്റെ ക്ഷേമത്തിനും നേരെയുള്ള ഭീഷണിയായി അവർ കുറ്റപ്പെടുത്തിയിരിക്കാം. അദ്ദേഹം അതിനു മറുപടി പറയുകയാണ്: വിശിഷ്ടമായ മനുഷ്യപ്രകൃതിയിലും ഘടനയിലും എന്നെ സൃഷ്ടിച്ചവനായ സാക്ഷാൽ ദൈവത്തിനു വഴിപ്പെടാതിരിക്കാൻ എനിക്കെന്തു ന്യായം? മൂലത്തിലെ فَطَرَ -ക്ക് പിളർന്നു, ചെത്തി മിനുക്കി ശിൽപമാക്കി, സവിശേഷ പ്രകൃതിയിലും സ്വഭാവത്തിലും സൃഷ്ടിച്ചു, ഭംഗം വരുത്തി എന്നെല്ലാം അർഥമുണ്ട്. فِطْرَة നൈസർഗിക പ്രകൃതിയാണ്. فطور വിടവും ഭംഗവും. افطار വ്രതഭഞ്ജനവും വ്രതഭഞ്ജന ഭോജനവുമാണ്. പ്രപഞ്ചശിൽപിയാണ് فاطر السماوات والأرض. വിശിഷ്ടമായ മനുഷ്യപ്രകൃതിയിലും സുന്ദരമായ ഘടനയിലും എന്നെ സൃഷ്ടിച്ചു എന്ന ആശയം ദ്യോതിപ്പിക്കാനാണ് എന്നെ സൃഷ്ടിച്ചു എന്നതിന് خلقني എന്നു പറയുന്ന സ്ഥാനത്ത് فطرني എന്നു പറഞ്ഞത്. സ്രഷ്ടാവ് മനുഷ്യനെ സുന്ദരമായ ഘടനയിൽ സർഗശേഷികളോടു കൂടി സൃഷ്ടിച്ചുവിട്ട ശേഷം കൈയൊഴിച്ചുപോയിരിക്കുകയല്ല. നമ്മളെയെല്ലാം ഒരുനാൾ അവൻ തന്നിലേക്കുതന്നെ മടക്കി വിളിക്കുന്നുണ്ട്. അപ്പോൾ, നമുക്ക് ലഭിച്ച അസ്തിത്വം കൊണ്ടും യോഗ്യതകൾ കൊണ്ടും നാം എന്തു ചെയ്തു എന്ന് വിചാരണ ചെയ്യപ്പെടുകയും ചെയ്യും. സ്രഷ്ടാവും ശാസ്താവുമായ ഈ സാക്ഷാൽ ദൈവത്തെ വിട്ട് നിങ്ങൾ ആരാധിക്കുന്ന മിഥ്യാദൈവങ്ങളെത്തന്നെ ഞാനും ആരാധിച്ചുകൊള്ളണമെന്നാണ് നിങ്ങൾ ആവശ്യപ്പെടുന്നത്.

പരമകാരുണികനായ സത്യദൈവം എനിക്കൊരു ദുരിതം വിധിച്ചാൽ ഈ വ്യാജദൈവങ്ങളുടെ ശിപാർശ കൊണ്ട് ഒരു പ്രയോജനവും ലഭിക്കുകയില്ല. അവർക്കെന്നെ രക്ഷിക്കാൻ കഴിയുകയുമില്ല. രക്ഷിക്കാൻ കഴിയാത്തവർക്ക് ശിക്ഷിക്കാനും കഴിയില്ല. മനുഷ്യന് ഒരു വസ്തു ആരാധനാർഹമാകണമെങ്കിൽ ആ വസ്തുവിന് അവനെ രക്ഷിക്കാനും ശിക്ഷിക്കാനും കഴിവുണ്ടായിരിക്കണം. അതില്ലാത്തവരെ ആരാധിക്കുന്നത് തികഞ്ഞ വിഡ്ഢിത്തവും മാർഗച്യുതിയുമാകുന്നു. അതുകൊണ്ട്, ഈ കൃത്രിമ ദൈവങ്ങളെ ആരാധിക്കുകയാണെങ്കിൽ ഞാനും തുറന്ന മാർഗച്യുതിയിലാകും.

ഞാൻ വിശ്വസിക്കുന്നത് എന്റെയും നിങ്ങളുടെയും വിധാതാവായ സത്യദൈവത്തിലാണ്. ആ പ്രപഞ്ച വിധാതാവിൽതന്നെ വിശ്വസിക്കാനും അവനെ മാത്രം ആരാധിക്കാനും മുന്നോട്ടുവരണമെന്നാണ് എനിക്ക് പറയാനുള്ളത്. ●

قِيلَ ٱدۡخُلِ ٱلۡجَنَّةَۖ قَالَ يَٰلَيۡتَ قَوۡمِي يَعۡلَمُونَ ﴿٢٦﴾

26. അദ്ദേഹം പറയപ്പെട്ടു: സ്വർഗം പൂകിക്കൊള്ളുക. അദ്ദേഹം പറഞ്ഞു: ഹാ കഷ്ടം! എന്റെ ജനം അറിയുന്നുവെങ്കിൽ!

بِمَا غَفَرَ لِي رَبِّي وَجَعَلَنِي مِنَ ٱلۡمُكۡرَمِينَ ﴿٢٧﴾

27. എന്റെ നാഥൻ എനിക്കു പാപമോചനമരുളിയതും എന്നെ ആദരണീയരായ സ്വർഗവാസികളിലുൾപ്പെടുത്തിയതും!

**26,27**

قِيلَ = അദ്ദേഹം പറയപ്പെട്ടു ادْخُلِ الْجَنَّةَ = സ്വർഗത്തിൽ (ം പൂകി)കടന്നുകൊള്ളുക

قَالَ = അദ്ദേഹം പറഞ്ഞു يَا لَيْتَ قَوْمِي يَعْلَمُونَ = ഹാ കഷ്ടം, എന്റെ ജനം അറിയുന്നുവെങ്കിൽ

بِمَا غَفَرَ لِي رَبِّي = എന്റെ നാഥൻ എനിക്കു പാപമോചനമരുളിയതും

وَجَعَلَنِي مِنَ الْمُكْرَمِينَ = എന്നെ ആദരണീയരിൽ (യരായ സ്വർഗവാസികളിൽ) ഉൾപ്പെടുത്തിയതും

സ്വർഗത്തിൽ കടന്നുകൊള്ളുക- قِيلَ ادْخُلِ الْجَنَّةَ - എന്ന വാക്യം മൂന്നു തരത്തിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു: 1. ഈ മനുഷ്യന്റെ ഉദ്ബോധനം ആ നാട്ടുകാരെ ഒട്ടും മാനസാന്തരപ്പെടുത്തിയില്ല. അവർ സ്വന്തം ദൈവങ്ങളെ രക്ഷിക്കാനായി അവയുടെ ദിവ്യത്വത്തെ നിഷേധിച്ച 'മതദ്രോഹി'യെ കൊന്നുകളയുകയായിരുന്നു. ആ വധശിക്ഷ നടപ്പാക്കിയതിന്റെ ആലങ്കാരിക ഭാഷ്യമാണ് قِيلَ ادْخُلِ الْجَنَّةَ- 'നീ നിന്റെ ദൈവം തരുന്ന സ്വർഗത്തിലേക്ക് അങ്ങ് പൊയ്ക്കോ' എന്നു ആക്രോശിച്ചുകൊണ്ട് അവരദ്ദേഹത്തെ വധിച്ചു. 2. വധിക്കപ്പെട്ട ഉടനെ അദ്ദേഹത്തിനു പാപമുക്തിയും സ്വർഗപ്രവേശവും ലഭിച്ചുവെന്ന് വ്യക്തമാക്കുകയാണിത്. അദ്ദേഹം രക്തസാക്ഷിയാണല്ലോ. രക്തസാക്ഷികൾ അല്ലാഹുവിങ്കൽ ജീവിക്കും, അഥവാ സ്വർഗീയാനുഗ്രഹങ്ങൾ അനുഭവിക്കും എന്ന് 2:154, 3:169 സൂക്തങ്ങൾ പറയുന്നുണ്ട്. സ്വർഗത്തിലെത്തുമ്പോൾ അദ്ദേഹം ആത്മഗതം ചെയ്യുകയാണ്: കഷ്ടം! സത്യവിശ്വാസവും രക്തസാക്ഷിത്വവും വഴി എന്റെ നാഥനായ അല്ലാഹു എന്നിൽനിന്ന് വന്നുപോയ സകല പാപങ്ങളും പൊറുത്തുതന്നതും എന്നെ സ്വർഗവാസികളിൽ ഉൾപ്പെടുത്തി ആദരിച്ചതും എന്റെ നാട്ടുകാർ അറിയുന്നുവെങ്കിൽ!!

3. തന്റെ ഉദ്ബോധനം നാട്ടുകാരെ കൂടുതൽ രോഷാകുലരാക്കിയിരിക്കുന്നുവെന്നും ജീവൻ അപകടത്തിലായിരിക്കുന്നുവെന്നും കണ്ടപ്പോൾ അദ്ദേഹം ആ നാടു വിട്ടുപോയി. അപ്പോൾ സ്വർഗലബ്ധിയുടെയും പാപമോചനത്തിന്റെയും സുവിശേഷം നൽകി അല്ലാഹു അദ്ദേഹത്തെ സമാധാനിപ്പിച്ചു. ആദ്യം പറഞ്ഞ രണ്ട് വ്യാഖ്യാനങ്ങളാണ് കൂടുതൽ യുക്തമായിട്ടുള്ളത്. ഏതു വ്യാഖ്യാനം സ്വീകരിച്ചാലും, പ്രതിബന്ധങ്ങളും ഭീഷണികളും വകവെക്കാതെ അക്രമികൾക്ക് മുന്നിൽ സത്യത്തിനും നീതിക്കും വേണ്ടി സധൈര്യം ശബ്ദമുയർത്തുന്ന ദീനീ പ്രബോധകർക്ക് അല്ലാഹു മരണാനന്തരം സ്വർഗവും പാപമുക്തിയും വാഗ്ദാനം ചെയ്യുന്നുവെന്നതാണ് ഈ സൂക്തങ്ങൾ ഉൾക്കൊള്ളുന്ന സന്ദേശത്തിന്റെ മർമം.

بِمَا غَفَرَ لِي..... എന്ന സൂക്തം 'എന്തുകൊണ്ടാണ് എന്റെ നാഥൻ എനിക്കു പാപമോചനമരുളുകയും എന്നെ സ്വർഗവാസികളിൽ ഉൾപ്പെടുത്തുകയും ചെയ്തതെന്ന്' എന്നും തർജമ ചെയ്യാം. രണ്ട് തർജമയുടെയും സാരം ഒന്നുതന്നെയാണ്. ●